പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 5

# 2016-ലെ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. അൻവർ സാദത്ത്, എം. എൽ. എ. നോട്ടീസ് നൽകിയത്)

581/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 5

# 2016-ലെ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. അൻവർ സാദത്ത്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ എല്ലാ മേഖലകളിലും ശുചീകരണ തൊഴിലാളികളായി ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് സ്ത്രീ-പുരുഷൻമാരുടെ ആശ്രിതരുടെ ജീവിത ചെലവ്, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ എന്നിവ ഉറപ്പുവരുത്തുവാൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ എല്ലാ മേഖലകളിലും ശുചീകരണതൊഴിലാളികളായി ലക്ഷക്കണക്കിന് സ്ത്രീ-പുരുഷന്മാർ ജോലി ചെയ്യുന്നുണ്ട്. കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര മേഖലകളിൽ ജോലി ചെയ്യുന്ന ഇവർക്ക് തൊഴിൽസ്ഥിരത ഇല്ലാത്തതുമൂലവും മറ്റും നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ഇവരുടെ പ്രയാസങ്ങളും വിഷമതകളും പരിഹരിക്കുന്നതിനുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള ശുചീകരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കും.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''വിജ്ഞാപനം'' എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്ന് അർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ഡി) "ക്ഷേമനിധി" എന്നാൽ പ്രസ്തുത ഉദ്ദേശ്യലക്ഷ്യനിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന ഒരു ബോർഡ് അഥവാ ഒരു സമിതി എന്നർത്ഥമാകുന്നു;

(ഇ) "ക്ഷേമനിധി ബോർഡ്" എന്നാൽ സർക്കാർ/സർക്കാരിതര സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ശുചീകരണ തൊഴിലാളികളുടെയും ആശ്രിതരുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിതാവസ്ഥയ്ക്കും വേണ്ടി യുക്തമായ നടപടികൾ ആലോചിച്ച് കൈക്കൊള്ളുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് യഥാസമയം സമർപ്പിക്കുവാനും അധികാരപ്പെട്ട കേന്ദ്രം എന്നർത്ഥമാകുന്നു;

(എഫ്) "ശുചീകരണ തൊഴിലാളികൾ" എന്നാൽ സർക്കാർ/സർക്കാരിതര സ്വകാര്യ വാണിജ്യം, വ്യവസായം മുതലായ എല്ലാ മേഖലകളിലും ദിവസക്കൂലി, കരാർ കൂലി അടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളായി ജോലി ചെയ്യുന്നതായ സ്ത്രീ-പുരുഷന്മാർ എന്ന് അർത്ഥമാകുന്നു.

3. ക്ഷേമനിധി ബോർഡ് രൂപീകരണം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിശ്ചിത ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(എ) തൊഴിൽ/ആരോഗ്യം/സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിമാർ;

(ബി) തൊഴിൽ/ആരോഗ്യം/സാമൂഹ്യക്ഷേമ വകുപ്പുസെക്രട്ടറിമാർ;

(സി) ചെയർമാൻ;

(ഡി) കാര്യനിർവ്വഹണത്തിനുള്ള മാനേജിംഗ് ഡയറക്ടർ;

(ഇ) സർക്കാർ നോമിനേറ്റ് ചെയ്യുന്ന പ്രതിനിധികൾ എന്നിവർ ഇതിൽ അംഗങ്ങൾ ആയിരിക്കും;

4. ബോർഡിന്റെ പ്രവർത്തനം.—(1) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്.

(2) ക്ഷേമനിധി ബോർഡിന് ജില്ലാടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ ലേബർ ആഫീസറുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ, സർക്കാർ ഉദ്ദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഉപസമിതിയിൽ അംഗങ്ങളായിരിക്കും.

(3) ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ ഉൽഭവിക്കുവാൻ സാധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ ഉപസമിതികൾ പരിഹരിക്കേണ്ടതാണ്.

(4) സംസ്ഥാന ക്ഷേമനിധി ബോർഡ് ആയിരിക്കും പ്രസ്തുത സമിതിയുടെ അപ്പലേറ്റ് അതോറിറ്റി.

5. സമിതിയുടെ കർത്തവ്യങ്ങൾ.—(1) സർക്കാർ, സർക്കാരിതര സ്വകാര്യ വാണിജ്യ വ്യവസായ മേഖലകളിൽ ജോലി ചെയ്യുന്ന കരാർ, ദിവസക്കൂലിക്കാരായ ശുചീകരണ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ എന്നിവയ്ക്ക് സഹായം നൽകുകയും ചെയ്യുക.

(2) മേൽപ്പറഞ്ഞ മേഖലയിൽപ്പെടുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുക. ഗാർഹിക തൊഴിലാളികൾ ഈ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്നതല്ല.

(3) ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ എവിടെനിന്നെങ്കിലും ഉണ്ടായാൽ അതിൽ ഇടപെടുവാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

(4) ശുചീകരണ തൊഴിലാളികൾക്ക് പെൻഷൻ, മക്കളുടെ പഠനം, വിവാഹം, കുടുംബാംഗങ്ങളുടെ ആരോഗ്യപരിരക്ഷ എന്നിവയ്ക്ക് മുൻഗണന നൽകി അവതരിപ്പിക്കുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.

(5) ശുചീകരണ തൊഴിലാളികൾ ജോലി ചെയ്യുന്നതായ സ്ഥാപനത്തിന്റെ ഉടമകളിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിഹിതം, സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സ്വരൂപിക്കുന്ന ക്ഷേമനിധി ഫണ്ട്, മറ്റ് സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ എന്നിവയിലൂടെ ആയിരിക്കണം ക്ഷേമനിധി ബോർഡിന്റെ കാലാകാലങ്ങളിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(6) ക്ഷേമനിധിയിൽ അംഗങ്ങളായ ശുചീകരണ തൊഴിലാളികൾക്ക് മറ്റ് വരുമാനമാർഗ്ഗങ്ങൾ ഉണ്ടാകുവാൻ പാടില്ലാത്തതാണ്. ഇത് തിട്ടപ്പെടുത്തുവാൻ മാർഗ്ഗനിർദ്ദേശങ്ങൾ സമിതിക്ക് തീരുമാനിക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ശുചീകരണ തൊഴിലാളികളായി ലക്ഷക്കണക്കിന് സ്ത്രീപുരുഷൻമാർ ജോലി ചെയ്യുന്നുണ്ട്. പലർക്കും ലഭിക്കുന്നതായ തുച്ഛവേതനം കൊണ്ട് ജീവിതചെലവും കുട്ടികളുടെ വിദ്യാഭ്യാസവും മറ്റ് ആരോഗ്യ സംരക്ഷണ ചെലവുകളും നടത്തിക്കൊണ്ടുപോകുവാൻ ബുദ്ധിമുട്ടുകയാണ്. നമ്മുടെ നാട്ടിലെ പൗരൻമാർ എന്ന നിലയിൽ അവർക്ക് അന്തസ്സായും ആത്മാഭിമാനത്തോടെയും ജീവിക്കുവാൻ അവസരം ഉണ്ടാകേണ്ടതാണ് എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഈ ലക്ഷ്യം സാക്ഷാൽക്കരിക്കുവാനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് എത്രമാത്രം സാമ്പത്തിക ബാധ്യത വരികയുള്ളൂ എന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും പ്രാരംഭനടപടികൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കുവാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദുചെയ്യുവാനും അംഗീകരിക്കുവാനുമുള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

അൻവർ സാദത്ത്, എം. എൽ. എ.